7
ശനി
2018 ജൂലായ്
1193 മിഥുനം 23

# മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള, ജനൽ, ഡോർ
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

തളിപ്പറമ്പ

## ഖാദർ വധക്കേസ് പ്രതി ലത്തീഫിന് ജാമ്യം നൽകിയതിന് എതിരെ പോലീസ് ജില്ലാ കോടതിയിലേക്ക്

തളിപ്പറമ്പ: വായാട്ടെ അബ്ദുൾഖാദർ വധക്കേസ് പ്രതിയായ കോരൻപീടികയിലെ എം.വി. അബ്ദുൾലത്തീഫിന് ജാമ്യം നൽകിയ പയ്യന്നൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി ഉത്തരവിനെതിരെ പോലീസ് ജില്ലാ കോടതിയിൽ അപ്പീൽ നൽകും. ലത്തീഫ് വധത്തിന് പിറകെ പരിയാരം എസ്.ഐ രാജനെ വധിക്കാൻ ശ്രമിച്ചതുൾപ്പെടെ അഞ്ചോളം കേസുകളിൽ പ്രതിയാണ് അബ്ദുൾലത്തീഫ്. ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടും വിദേശത്തേക്ക് കടന്നെന്ന് പോലീസ് പറയുന്ന അബ്ദുൾലത്തീഫിന്, അബ്ദുൾഖാദർ കൊലക്കേസിലും അഞ്ച് വാറണ്ട് കേസിലും കോടതിയിൽ ഹാജരായ ഉടൻ ജാമ്യം ലഭിക്കുകയായിരുന്നു.

കൊലക്കേസിൽ കുറ്റപത്രം നൽകിയ സാഹചര്യത്തിൽ ജാമ്യം അനുവദിക്കാൻ മജിസ്ട്രേട്ട് കോടതിക്ക് അധികാരമുണ്ടെങ്കിലും അബ്ദുൾലത്തീഫിന്റെ പശ്ചാത്തലം പരിഗണിക്കാതെയാണ് ജാമ്യം നൽകിയതെന്ന് ചൂണ്ടിക്കാണിച്ചാണ് പോലീസ് അപ്പീൽ നൽകുക. മാത്രമല്ല നടപടിക്രമങ്ങൾ പാലിച്ചല്ല ജാമ്യം അനുവദിച്ചതെന്നും പോലീസ് പറയുന്നു. അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ കോടതിയിൽ ഉണ്ടായിട്ടും അദ്ദേഹത്തിന്റെ അഭിപ്രായം ആരായാതെയും പോലീസിന്റെ റിപ്പോർട്ട് തേടാതെയുമാണ് ജാമ്യം അനുവദിച്ചതെന്ന് പോലീസ് പറയുന്നു. തളിപ്പറമ്പ് ഡി.വൈ.എസ്.പി: കെ.വി. വേണുഗോപാലിന്റെ നിർദേശാനുസരണം അബ്ദുൾഖാദർ വധക്കേസ് അന്വേഷിക്കുന്ന തളിപ്പറമ്പ് സി.ഐ കെ.ജെ വിനോയിയാണ് ജില്ലാ കോടതിയിൽ അപ്പീൽ നൽകുക.

## ലത്തീഫിന്റെ വിദേശയാത്ര വിവരങ്ങൾ ശേഖരിക്കുന്നു

തളിപ്പറമ്പ: ലത്തീഫിന്റെ വിദേശയാത്രാ വിവരങ്ങൾ ശേഖരിക്കാൻ ജില്ലാ പോലീസ് മേധാവി ശിവവിക്രം നിർദേശം നൽകി. ജീവിതത്തിൽ ഇതുവരെ ലത്തീഫ് പാസ്പോർട്ട് എടുത്തിട്ടില്ല. പാസ്പോർട്ടിന് അപേക്ഷ നൽകിയാൽ നിലവിലുള്ള സാഹചര്യത്തിൽ ലഭിക്കില്ല. 15 വർഷത്തിലധികമായി ഇയാളുടെ പേരിൽ ക്രിമിനൽ കേസ് നിലവിലുണ്ട്. 39 കേസുകളാണ് വിവിധ സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തത്. അതേസമയം ഖാദർ വധത്തെ തുടർന്ന് ഒളിവിൽ പോയ ലത്തീഫ് ചെന്നൈ വഴി ഖത്തറിലേക്ക് പോയതായാണ് പോലീസിന് ലഭിച്ച വിവരം. ലത്തീഫിന്റെ ഫോട്ടോ സഹിതം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വിദേശ യാത്രാ രേഖകൾ ശേഖരിക്കാനാണ് പോലീസിന്റെ നീക്കം. നേരത്തെ കണ്ണൂരിൽ എ.എസ്.പിയായി ജോലി ചെയ്യവെ പരിയാരത്ത് മണൽ വേട്ടക്കെത്തിയ ഇന്നത്തെ ജില്ല പോലീസ് ചീഫിനെ വധിക്കാൻ ശ്രമിച്ച കേസിലും ലത്തീഫ് പ്രതിയാണ്. 2011ൽ ലത്തീഫിന്റെ പേരിൽ കാപ്പ ചുമത്തുകയും ചെയ്തിട്ടുണ്ട്. ജാമ്യം ലഭിച്ചതിനെതിരെ കൊല്ലപ്പെട്ട ഖാദറിന്റെ ഉമ്മ ആയിഷയും ഉന്നതങ്ങളിൽ പരാതി നൽകും. കോടതി നടപടിക്കെതിരെ ഹൈക്കോടതി രജിസ്ട്രാർക്കും വിജിലൻസിനും പരാതി നൽകാൻ തയ്യാറെടുക്കുകയാണ്. നാട്ടുകാർക്കും ഭാര്യ വീട്ടുകാർക്കും ശല്യമായിരുന്നുവെങ്കിലും എന്റെ മകനെ പരസ്യമായി തല്ലിക്കൊല്ലാൻ ആരാണ് ഇവർക്ക് അധികാരം നൽകിയതെന്ന ചോദ്യവുമായാണ് ഉമ്മ ഉന്നതങ്ങളെ സമീപിക്കുന്നത്.

## പി.ശശി സി.പി.എം തലശേരി ഏരിയാ കമ്മിറ്റിയിലേക്ക്

തലശേരി: സി.പി.എമ്മിൽ നിന്ന് പുറത്താക്കപ്പെട്ട മുൻ ജില്ലാ സെക്രട്ടറി പി. ശശി തലശേരി ഏരിയാ കമ്മിറ്റിയംഗമായി തിരിച്ചുവരുന്നു. പി. ശശിയെ തിരിച്ചെടുക്കാനുള്ള സംസ്ഥാന കമ്മിറ്റി തീരുമാനം ജില്ലാ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യുകയും കമ്മിറ്റി അതിന് അംഗീകാരം നൽകുകയും ചെയ്തു. തുടർന്നാണ് തലശേരി ഏരിയാ കമ്മിറ്റിയിൽ ഉൾപ്പെടുത്താനുള്ള തീരുമാനം കഴിഞ്ഞ ദിവസം ഏരിയാ കമ്മിറ്റി യോഗത്തിൽ റിപ്പോർട്ട് ചെയ്തത്. തലശേരി ഏരിയാ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിക്കുകയായിരുന്നു.



തലശേരി ഏരിയാ കമ്മിറ്റിയിൽ നേതൃത്വപരമായ പങ്കുവഹിക്കുന്നവരുടെ എണ്ണം കുറവാണെന്ന വിലയിരുത്തലാണ് ശശിയെ അവിടെ നിയോഗിക്കാൻ കാരണം. മുഖ്യമന്ത്രി പിണറായി വിജയന്റെയും സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെയും പ്രത്യേക താൽപ്പര്യം ഇതിന് പിറകിലുണ്ട്.

2011 ജൂലായിലാണ് വിവാദമായ ആരോപണത്തെ തുടർന്ന് പി. ശശിയെ സി.പി.എമ്മിൽ നിന്ന് പുറത്താക്കിയത്. പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെട്ടെങ്കിലും സി.പി.എമ്മുകാർ പ്രതികളായ കൊലക്കേസ് ഉൾപ്പെടെയുള്ള കേസുകളിൽ പാർട്ടിയെ സഹായിച്ചുവരികയായിരുന്നു ശശി ഇതുവരെ. ടി.പി. ചന്ദ്രശേഖരൻ വധക്കേസ്, കതിരൂർ മനോജ് വധക്കേസ് തുടങ്ങിയ പ്രധാന കേസുകളിൽ വരെ ശശിയുടെ സഹായം സി.പി.എമ്മിന് ലഭിച്ചിരുന്നു.

ശശിയെ പുറത്താക്കിയതിന് പിറകെ അദേഹത്തിനെതിരെ ആരോപണം ഉന്നയിച്ച കർഷക സംഘം നേതാവ് സി.കെ.പി പത്മനാഭനും ഡി.വൈ.എഫ്.ഐ നേതാവിനെതിരെയും സി.പി.എം അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. ബ്രാഞ്ചിലേക്ക് ഒതുക്കപ്പെട്ട സി.കെ.പി. പത്മനാഭനെ പിന്നീട് മാടായി ഏരിയാ കമ്മിറ്റിയംഗമാക്കിയിരുന്നു. അടുത്ത കാലത്ത് ലോറി തൊഴിലാളി സംഘടനയുടെ ജില്ലാ പ്രസിഡണ്ടായും സി.കെ.പിയെ തിരഞ്ഞെടുത്തിരുന്നു. എന്നാൽ ആരോപണം ഉന്നയിച്ച ഡി.വൈ.എഫ്.ഐ നേതാവ് ഇപ്പോഴും സംഘടനക്ക് പുറത്താണ്.



# രണ്ടുപേർ കൂടി അറസ്റ്റിൽ

എറണാകുളം: മഹാരാജാസ് കോളേജ് വിദ്യാർത്ഥിയും എസ്.എഫ്.ഐ ഇടുക്കി ജില്ലാ കമ്മിറ്റിയംഗവുമായ അഭിമന്യുവിന്റെ കൊലപാതകത്തിൽ രണ്ടുപേർ കൂടി അറസ്റ്റിലായി. മട്ടാഞ്ചേരി സ്വദേശിയും എസ്.ഡി.പി.ഐ പ്രവർത്തകനുമായ കാലാവാല നവാസ്, ജഫ്രി എന്നിവരാണ് അറസ്റ്റിലായത്. എന്നാൽ ഇവർ കൊലയാളി സംഘത്തിൽ നേരിട്ട് ഉൾപ്പെട്ടവരല്ല. കൊലയാളി സംഘത്തിന് സഹായം ചെയ്തുകൊടുത്തുവെന്നതാണ് ഇവർക്കെതിരെയുള്ള കുറ്റം. നവാസിനെ കഴിഞ്ഞ ദിവസം തന്നെ പോലീസ് കസ്റ്റഡിയിലെടുത്തിരുന്നു. വിശദമായ ചോദ്യം ചെയ്യലിന് ശേഷം ഇന്ന് രാവിലെയാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. മട്ടാഞ്ചേരി ഫിഷ്ലാന്റിംഗ് സെന്ററിൽ ജോലി ചെയ്യുന്ന നവാസ് എസ്.ഡി.പി.ഐയുടെ ബ്രാഞ്ച് സെക്രട്ടറിയാണെന്ന് പോലീസ് പറഞ്ഞു. അതേസമയം കൊലയാളി സംഘത്തിൽ ഉൾപ്പെട്ടുവെന്ന് കരുതുന്ന 15 പ്രതികളിൽ പ്രധാനികളെ ഇനിയും പിടികൂടാൻ ആയിട്ടില്ല. ഇന്ന് രണ്ടു പേരെ കൂടി അറസ്റ്റ് ചെയ്തതോടെ കേസിൽ പിടിയിലായവരുടെ എണ്ണം ആറായി ഉയർന്നിട്ടുണ്ട്. കൊലയാളി സംഘത്തിലെ പ്രധാനികൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് കടന്നതായാണ് കരുതുന്നത്. കേസിലെ ഒന്നാംപ്രതിയായി കണക്കാക്കുന്ന മഹാരാജാസ് കോളേജിലെ മൂന്നാംവർഷ അറബിക് വിദ്യാർത്ഥിയും കാമ്പസ് ഫ്രണ്ട് യൂണിറ്റ് സെക്രട്ടറിയുമായ മുഹമ്മദ് കർണ്ണാടകയിലേക്ക് കടന്നുവെന്ന സൂചനയെ തുടർന്ന് അന്വേഷണം അവിടേക്ക് വ്യാപിപ്പിച്ചുവെങ്കിലും ഇയാളെ സംബന്ധിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ല. സംസ്ഥാന വ്യാപകമായി എസ്.ഡി.പി.ഐ, പോപ്പുലർ ഫ്രണ്ട്, കാമ്പസ് ഫ്രണ്ട് ഓഫീസുകൾ പോലീസിന്റെ നിരീക്ഷണത്തിലാണ്. പോലീസ് രഹസ്യാന്വേഷണ വിഭാഗവും പ്രതികളെ കണ്ടെത്താൻ സജീവമായി രംഗത്തുവന്നു.

(ശേഷം നാലാം പേജിൽ)

## കാമ്പസ് ഫ്രണ്ട് നേതാവിനായി കണ്ണൂരിൽ തെരച്ചിൽ

കണ്ണൂർ: അഭിമന്യു വധത്തെ തുടർന്ന് കാമ്പസ് ഫ്രണ്ട് സംസ്ഥാന നേതാവിനായി കണ്ണൂരിൽ തെരച്ചിൽ. കൂത്തുപറമ്പ് നീർവേലി സ്വദേശിയായ കാമ്പസ് ഫ്രണ്ട് സംസ്ഥാന നേതാവ് മുഹമ്മദ് റിസക്ക് വേണ്ടിയാണ് തെരച്ചിൽ നടത്തിയത്. കണ്ണൂർ ഡി.വൈ.എസ്.പി പി.പി.സദാനന്ദനും അഭിമന്യു വധം അന്വേഷിക്കുന്ന പ്രത്യേക സംഘവുമാണ് മുഹമ്മദ് റിസയെ തേടി നീർവേലിയിലെത്തിയത്. എന്നാൽ ഇയാൾ ഇവിടെ നിന്ന് ആറുമാസം മുമ്പ് സ്ഥലം മാറിയെന്നാണ് നാട്ടുകാർ നൽകിയ വിവരം. നാട്ടുകാർക്ക് മുഹമ്മദ് റിസയെ കുറിച്ച് കൂടുതലൊന്നും അറിയില്ലത്രെ. എറണാകുളത്ത് മറ്റോ ഇയാൾ പഠിക്കുന്നുണ്ടെന്നാണ് നാട്ടുകാരുടെ അറിവ്. നാട്ടുകാരിൽ നിന്ന് ലഭിച്ച വിവരത്തെ തുടർന്ന് ശിവപുരം വെമ്പടിത്തട്ടിലെ ഇയാളുടെ താമസ സ്ഥലം പരിശോധിച്ചെങ്കിലും കാര്യമായ വിവരങ്ങളൊന്നും ലഭിച്ചില്ല.

## എൻ.ഡി.എയുമായി സി.കെ.ജാനു അകലുന്നു; കോൺഗ്രസുമായി അടുക്കുന്നു

കോഴിക്കോട്: സി.കെ.ജാനു നേതൃത്വം നൽകുന്ന ജനാധിപത്യ രാഷ്ട്രീയ സഖ്യം എൻ.ഡി.എയുമായി അകലുന്നു. എൻ.ഡി.എയുടെ ഭാഗമാകുമ്പോൾ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വിവിധ ബോർഡുകളിലും കോർപ്പറേഷനുകളിലും അംഗത്വം നൽകുമെന്ന് ധാരണയുണ്ടായിരുന്നത്രെ. എന്നാൽ അതുപ്രകാരമുള്ള അംഗത്വം ലഭിക്കാത്തതാണ് സി.കെ. ജാനുവിനെ പ്രകോപിപ്പിച്ചത്. എൻ.ഡി.എയുമായി അകന്ന് സി.കെ. ജാനു കോൺഗ്രസുമായി അടുക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച തുടങ്ങിയിട്ടുണ്ട്. കോൺഗ്രസ് ദേശീയ നേതൃത്വവുമായാണ് ചർച്ച നടത്തുന്നത്. ബി.ഡി.ജെ.എസിന് പിറകെ ജനാധിപത്യ രാഷ്ട്രീയ സഖ്യം കൂടി എൻ.ഡി.എയിൽ നിന്ന് അകലുന്നത് സംസ്ഥാന ബി.ജെ.പി നേതൃത്വത്തിന് തിരിച്ചടിയായി മാറും.

## തോട്ടം പറമ്പാക്കി മാറ്റി കല്ലുവെട്ടാൻ നൽകി

പയ്യന്നൂർ: 200 ഏക്കറയോളം വരുന്ന എസ്റ്റേറ്റ് തരം മാറ്റി പറമ്പാക്കി മാറ്റി കല്ലുവെട്ടാൻ നൽകി. ഇക്കാര്യം വിജിലൻസിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അന്വേഷണത്തിന് നീക്കം തുടങ്ങി.

ആലപ്പടമ്പിൽ ക്രിസ്ത്യൻ മാനേജ്മെന്റിന്റെ കീഴിലുള്ള എസ്റ്റേറ്റാണ് തരം മാറ്റി പറമ്പാക്കി മാറ്റിയത്. തോട്ടം പറമ്പാക്കി മാറ്റാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. തോട്ടത്തിൽ ഏത് കൃഷിയാണോ ചെയ്യുന്നത് അത് തുടരുകയാണ് വേണ്ടത്. എന്നാൽ റവന്യൂ അധികൃതരെ സ്വാധീനിച്ച് രേഖയിൽ തിരുത്തൽ വരുത്തിയാണ് എസ്റ്റേറ്റിനെ പറമ്പാക്കി മാറ്റിയത്. വർഷങ്ങളായി ഇവിടെ കല്ലുവെട്ട് നടക്കുകയാണ്. ഇതുസംബന്ധിച്ച് പരാതി ഉയർന്നതിനെ തുടർന്നാണ് സംഭവം വിജിലൻസിന്റെ ശ്രദ്ധയിൽപ്പെട്ടത്.

## ദളിത് യുവതിയെ പീഡിപ്പിച്ച കേസിൽ യുവാവ് അറസ്റ്റിൽ

പയ്യന്നൂർ: വിവാഹ വാഗ്ദാനം നൽകി ദളിത് യുവതിയെ പീഡിപ്പിച്ച കേസിൽ യുവാവിനെ പയ്യന്നൂർ പോലീസ് അറസ്റ്റ് ചെയ്തു. ഏഴിലോട് സ്വദേശി അഫ്സൽ (32) ആണ് പിടിയിലായത്. കരിവെള്ളൂർ സ്വദേശിനിയായ 27 കാരി നൽകിയ പരാതിയിലാണ് കേസ്. ഓൺലൈൻ ബിസിനസുകാരനായ അഫ്സൽ വിവാഹ വാഗ്ദാനം നൽകി 2016 മുതൽ നിരവധി തവണ ലൈംഗികമായി പീഡിപ്പിച്ചുവെന്നായിരുന്നു യുവതിയുടെ പരാതി.

## മത്സ്യത്തിലെ വിഷം കണ്ടെത്താൻ കണ്ണൂരിൽ പരിശോധന

കണ്ണൂർ: വിൽപ്പനയ്ക്ക് ഉപയോഗിക്കുന്ന മത്സ്യങ്ങളിൽ ഫോർമാലിൻ രാസവസ്തു ചേർക്കുന്നുവെന്ന ആരോപണമുയർന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന തുടങ്ങി. തലശേരിയിൽ ഇന്നലെ രാത്രി പത്ത് മുതൽ പുലർച്ചെ രണ്ടുമണിവരെയും കണ്ണൂർ ആയിക്കരയിൽ പുലർച്ചെ രണ്ടുമുതൽ അഞ്ച് മണിവരെയുമാണ് പരിശോധന നടത്തിയത്. ആന്ധ്രയിൽ നിന്ന് കൊണ്ടുവന്ന ആവോലി, പോണ്ടിച്ചേരിയിൽ നിന്ന് കൊണ്ടുവന്ന മത്തി, ആലപ്പുഴയിൽ നിന്ന് കൊണ്ടുവന്ന കറ്റ്ല, ചെമ്മീൻ, ചരു എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ചു. ഇവ കോഴിക്കോട് റീജ്യണൽ അനാലിറ്റിക് ലാബിലും എറണാകുളത്തെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലേക്കും പരിശോധനയ്ക്ക് അയക്കും. ഇവിടെ നിന്നുള്ള പരിശോധനാ ഫലം ലഭിച്ചാൽ തുടർ നടപടി സ്വീകരിക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

## നാടാലിൽ നാല് കടകൾ തകർന്നുവീണു

എടക്കാട്: കാലപ്പഴക്കത്തെ തുടർന്നാണത്രെ ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നാല് കടകൾ തകർന്നുവീണത്. നടാൽ ടൗണിലെ കടകളാണ് തകർന്നത്. ചാല കൊശോർമൂലയിലെ ബാലകൃഷ്ണന്റെ റേഷൻകട, കുറ്റിക്കത്തെ അനീസയുടെ അനാദിക്കട എന്നിവ തകർന്നവയിൽ ഉൾപ്പെടും. മറ്റ് രണ്ട് കടകൾ നേരത്തെ കച്ചവടം ഉപേക്ഷിച്ച് പൂട്ടിയിട്ടിരിക്കുകയാണ്. റേഷൻ കടയിൽ കാര്യമായ സാധനങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അനാദിക്കടയിലെ സാധനങ്ങൾ നശിച്ചു. ഇന്നലെ രാത്രി മുതൽ പെയ്യുന്ന കനത്ത മഴയിൽ കുതിർന്നാണ് ഏറെക്കാലത്തെ പഴക്കമുള്ള കെട്ടിടം തകർന്നത്. ഇന്ന് പുലർച്ചെ അഞ്ച് മണിയോടെയാണ് സംഭവം.

## ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനിയെ പീഡിപ്പിച്ചതിന് മൂന്നുപേർക്കെതിരെ കേസ്

കാഞ്ഞങ്ങാട്: പടന്ന ഒഴിഞ്ഞവളപ്പ് സ്വദേശിനിയായ ഒമ്പതാം ക്ലാസുകാരിയെ നിരവധി തവണ ലൈംഗികമായി പീഡിപ്പിച്ചതിന് മൂന്നുപേർക്കെതിരെ കേസെടുത്തു. പടന്നക്കര കരിവളത്തെ എറമുള്ളാൻ, ഞാണിക്കടവ് സ്വദേശികളായ അഷ്റഫ്, ബാബു എന്നിവർക്കെതിരെയാണ് കേസ്. പെൺകുട്ടി വിഷയം സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് അവർ ചൈൽഡ്ലൈൻ അധികൃതരെ വിവരമറിയിക്കുകയായിരുന്നു. ചൈൽഡ്ലൈൻ അധികൃതരാണ് പരാതി നൽകിയത്.

## കാഞ്ഞങ്ങാട് വീണ്ടും ഉടുമുണ്ട് പൊക്കിപ്രയോഗം; ഒരാൾ പിടിയിൽ

കാഞ്ഞങ്ങാട്: വിദ്യാർത്ഥിനികളെ ഉടുമുണ്ട് പൊക്കിക്കാണിച്ച വിരുതനെ പോലീസ് അറസ്റ്റ് ചെയ്തു. കാഞ്ഞിരപൊയ്യിൽ സ്വദേശി അശോകൻ (27)ആണ് പിടിയിലായത്. ഇന്നലെ വൈകുന്നേരം കാഞ്ഞിരപൊയ്യിലിലാണ് സംഭവം. സ്കൂൾ വിട്ട് വരികയായിരുന്ന വിദ്യാർത്ഥിനികൾക്ക് നേരെ ഉടുമുണ്ട് പൊക്കി നഗ്നത പ്രദർശിപ്പിക്കുകയായിരുന്നു. വിദ്യാർത്ഥിനികൾ ബഹളം വെച്ചതിനെ തുടർന്ന് ഓടിയെത്തിയ നാട്ടുകാർ പിടികൂടി പോലീസിൽ ഏൽപ്പിക്കുകയായിരുന്നു.

സമാനമായ സംഭവം കഴിഞ്ഞ ദിവസം കാഞ്ഞങ്ങാട് നടക്കുകയുണ്ടായി. ഇതിലെ പ്രതിയെ വിദ്യാർത്ഥിനികൾ തന്ത്രപൂർവ്വം പിടികൂടി പോലീസിൽ ഏൽപ്പിച്ചിരുന്നു. ഒരു മാസം മുമ്പ് കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിൽ നിയമവിദ്യാർത്ഥിയെ ഉടുമുണ്ട് പൊക്കിക്കാണിച്ച വയോധികനെ വിദ്യാർത്ഥിനി കൈകാര്യം ചെയ്തിരുന്നു. തുടർന്ന് പോലീസിൽ പരാതി നൽകുകയും ചെയ്തു. ഇയാളെ ഇതുവരെ കണ്ടെത്താനായിട്ടില്ല.

